ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** | പ്രധാനവാർത്തകൾ | **DATE: 25.08.2026**

1. നാളെ സമൃദ്ധിയുടെ പൊൻതിരുവോണം ആഘോഷിക്കാനൊരുങ്ങി ലോകമെമ്പാടുമുള്ള മലയാളികൾ; അവസാനവട്ട ഒരുക്കങ്ങൾക്കായി ഉത്രാടപ്പാച്ചിൽ.
2. തിരുവനന്തപുരം കനകക്കുന്ന് ഉൾപ്പടെയുള്ള വേദികളിൽ ഓണാഘോഷപരിപാടികൾ പുരോഗമിക്കുന്നു; തൃശൂർ ജില്ലാതല ആഘോഷത്തിന്റെ ഉദ്ഘാടനം മന്ത്രി ഒ. ജെ. ജനീഷ് ഇന്ന് നിർവ്വഹിക്കും.
3. പ്രധാനമന്ത്രി ഭക്ഷ്യ സംസ്കരണ സംരംഭ രൂപവൽക്കരണ പദ്ധതി മികച്ച രീതിയിൽ നടപ്പിലാക്കിയ സംസ്ഥാനത്തിനുള്ള ദേശീയ പുരസ്കാരം കേരളം ഏറ്റുവാങ്ങി.
4. സംസ്ഥാനത്ത് മഴ തുടരുന്നു. എല്ലാ ജില്ലകളിലും മഴ മുന്നറിയിപ്പ്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക്.
5. 172-ാമത് ശ്രീനാരായണ ഗുരു ജയന്തി ആഘോഷങ്ങൾക്ക് തിരുവനന്തപുരം ശ്രീനാരായണ സാംസ്കാരിക നിലയത്തിൽ നാളെ തുടക്കമാകും.
6. ഇന്ത്യയ്ക്കെതിരായ രണ്ടാം ക്രിക്കറ്റ് ടെസ്റ്റിന്റെ മൂന്നാം ദിനം ശ്രീലങ്ക 8 വിക്കറ്റിന് 265 റൺസ് എന്ന നിലയിൽ.

RNU TVPM

****************************************

## തിരുവോണം

തിരുവോണത്തെ വരവേൽക്കാനുള്ള അവസാനഘട്ട ഒരുക്കങ്ങളുമായി ഉത്രാടപ്പാച്ചിൽ. നാളെയാണ് സമൃദ്ധിയുടെ പൊൻതിരുവോണം.

(ഓണം മ്യൂസിക്)

ഓണക്കോടിയും പൂക്കളവും സദ്യയ്ക്കുള്ള കൂട്ടങ്ങളും ഉൾപ്പെടെ അവശ്യസാധനങ്ങൾ വാങ്ങാൻ കുടുംബങ്ങൾ കൂട്ടത്തോടെ വിപണിയിലെത്തുകയാണ്. പച്ചക്കറി, പലവ്യഞ്ജന വിപണികളിലും വലിയ തിരക്കാണ് അനുഭവപ്പെടുന്നത്. ഓണസദ്യയ്ക്കുള്ള വിഭവങ്ങൾ ഒരുക്കാനുള്ള അവസാനഘട്ട തയ്യാറെടുപ്പിലാണ് വീട്ടമ്മമാരും. വസ്ത്രശാലകളിലെയും വിപണികളിലെയും തിരക്ക് ഉത്രാടദിനത്തിൽ പാരമ്യത്തിലെത്തി.

******************************

## ഓണം വാരാഘോഷം

RNU TVPM

വിനോദ സഞ്ചാര വകുപ്പിന്റെ സംസ്ഥാനതല ഓണം വാരാഘോഷം തിരുവനന്തപുരത്ത് കനകക്കുന്ന് ഉൾപ്പടെയുള്ള വേദികളിൽ പുരോഗമിക്കുന്നു. 35 വേദികളിലായി 340-ലധികം കലാപരിപാടികൾ അരങ്ങേറും. സംസ്ഥാനത്താകെ 8,000-ലധികം കലാകാരൻമാർ ഇതിന്റെ ഭാഗമാകുന്നുണ്ട്. നിശാഗന്ധിയിൽ മുടിയേറ്റ്, തോൽപ്പാവക്കൂത്ത്, പടയണി, അർജുനനൃത്തം, തുടങ്ങിയ കലാരൂപങ്ങൾ അവതരിപ്പിക്കും. ഈ മാസം 30 ന് ഓണം വാരാഘോഷത്തിന്റെ സമാപന ചടങ്ങിൽ ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണനും ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറും പങ്കെടുക്കും. ജമ്മു കശ്മീർ മുതൽ തമിഴ്നാട് വരെയുള്ള പത്ത് സംസ്ഥാനങ്ങളിൽ

നിന്നായി 160 പാരമ്പര്യ കലാകാരൻമാർ സമാപന ഘോഷയാത്രയിൽ അണിനിരക്കും.

******************************

## പ്ലാസ്റ്റിക് അറസ്റ്റ്

ഓണം വാരാഘോഷത്തോടനുബന്ധിച്ച് തിരുവനന്തപുരം കനകക്കുന്ന് പരിസരത്ത് പ്ലാസ്റ്റിക് മാലിന്യങ്ങൾ നിയന്ത്രിക്കുന്നതിന് 'പ്ലാസ്റ്റിക് അറസ്റ്റ്' പദ്ധതിക്ക് തുടക്കമായി. തിരുവനന്തപുരം നഗരസഭയും ശുചിത്വ മിഷനും സംയുക്തമായാണ് ഇത് നടപ്പാക്കുന്നത്. 50-ലധികം സന്നദ്ധ പ്രവർത്തകർ പങ്കെടുത്ത ഫ്ലാഷ് മോബോടെയാണ് പരിപാടിക്ക് തുടക്കമായത്.

PRD TVPM

******************************

## തൃശൂർ - ഓണം (ഇൻട്രോ)

തൃശൂരിൽ ജില്ലാതല ഓണാഘോഷത്തിന് ഇന്ന് തുടക്കം. മന്ത്രി ഒ.ജെ. ജനീഷ് ഉദ്ഘാടനം നിർവ്വഹിക്കും. കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി, എം.പിമാർ, എം.എൽ.എമാർ തുടങ്ങിയവർ പങ്കെടുക്കും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്...**

(വോയിസ്)

******************************

## തൃക്കാക്കര

തൃക്കാക്കര ശ്രീ വാമനമൂർത്തി ക്ഷേത്രത്തിൽ ഉത്രാട ദിനത്തിൽ രാവിലെ തിരുമുൽ കാഴ്ച സമർപ്പണം നടന്നു.

തിരുവോണ ദിവസമായ നാളെ മഹാബലിയെ എതിരേൽക്കുന്ന ചടങ്ങോടെ ആഘോഷങ്ങൾക്ക് തുടക്കമാകും. നാളെ തിരുവോണ സദ്യയും, ആറാട്ടെഴുന്നള്ളിപ്പും നടക്കും.

*****************************

## കാസർഗോഡ് (ഇൻട്രോ)

പൂക്കളവും, ഓണസദ്യയും, ഓണക്കളിയും, ഓണക്കോടിയുമെല്ലാം ഓർമ്മകളിൽ നിറയുമ്പോൾ ഉത്തരമലബാറിന്റെ ഗ്രാമീണ സംസ്കാരത്തിൽ ഓണത്തിന് തനതായ ഒരു മുഖം കൂടിയുണ്ട്, അത് ഓണപ്പൊട്ടനാണ്. മാവേലി നാടുവാണിടുന്ന കാലത്തെ സമത്വത്തിന്റെയും സമൃദ്ധിയുടെയും ഓർമ്മകൾ ഇന്നും മലയാളി സമൂഹത്തിൽ നിലനിൽക്കുന്നു. ഓണപ്പൊട്ടനെക്കുറിച്ച് ആകാശവാണി കാസർഗോഡ് ജില്ലാ പ്രതിനിധി പി. ജഗന്നിവാസൻ...

(വോയിസ്)

RNU TVPM

*****************************

## മന്ത്രി റോജി എം ജോൺ

സംസ്ഥാന വിനോദസഞ്ചാര വകുപ്പും എറണാകുളം ജില്ലാ ഭരണകൂടവും ടൂറിസം പ്രമോഷൻ കൗൺസിലും സംയുക്തമായി സംഘടിപ്പിച്ച 'ലാവണ്യം 2026' ഓണാഘോഷം കുട്ടമ്പുഴ പന്തപ്ര ആദിവാസി ഉന്നതിയിൽ മന്ത്രി റോജി എം ജോൺ ഉദ്ഘാടനം ചെയ്തു. പരിപാടിയുടെ ഭാഗമായി ആദിവാസി കുടുംബങ്ങൾക്ക് അദ്ദേഹം ഓണക്കോടി വിതരണം ചെയ്തു.

*****************************

## മന്ത്രി പി.സി. വിഷ്ണുനാഥ്

കേരളത്തിലെത്തുന്ന വിനോദസഞ്ചാരികൾക്ക് നാടിന്റെ തനിമയും സംസ്കാരവും നേരിട്ടറിയാൻ 'be a malayalee for a day' എന്ന അനുഭവവേദ്യ ടൂറിസത്തിന്റെ പുതിയ ആശയത്തിന് തുടക്കമിട്ട് സംസ്ഥാന സർക്കാർ. 'കേരളം കാണാൻ വരൂ' എന്ന പരമ്പരാഗത ശൈലിയിൽ നിന്ന് മാറി 'കേരളത്തെ അനുഭവിച്ചറിയാൻ വരൂ' എന്ന സന്ദേശമാണ് ഇതിലൂടെ മുന്നോട്ടുവയ്ക്കുന്നതെന്ന് മന്ത്രി പി.സി. വിഷ്ണുനാഥ് പറഞ്ഞു.

*****************************

## കേരളം - പുരസ്ക്കാരം

കേന്ദ്ര ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയത്തിൻറെ പ്രധാൻ മന്ത്രി ഭക്ഷ്യ സംസ്കരണ സംരംഭ രൂപവൽക്കരണ പദ്ധതി മികച്ച രീതിയിൽ നടപ്പിലാക്കിയ സംസ്ഥാനത്തിനുള്ള ദേശീയ പുരസ്കാരം കേരളം ഏറ്റുവാങ്ങി. ന്യൂഡൽഹിയിൽ നടന്ന PM FME ഉച്ചകോടിയിൽ കേന്ദ്ര ഭക്ഷ്യമന്ത്രി ചിരാഗ് പാസ്വാൻ പുരസ്ക്കാരം സമ്മാനിച്ചു.

RNUTVPM

*****************************

## ശ്രീനാരായണ ഗുരുജയന്തി ആഘോഷം

172-ാമത് ശ്രീനാരായണ ഗുരു ജയന്തി ആഘോഷങ്ങൾക്ക് നാളെ തുടക്കമാകും. തിരുവനന്തപുരം ചേന്തി ശ്രീനാരായണ സാംസ്കാരിക നിലയത്തിൽ വെള്ളിയാഴ്ച വരെയാണ് ആഘോഷങ്ങൾ. പുഷ്പാർച്ചനയിൽ ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല പങ്കെടുക്കും.

*****************************

## മഴ

സംസ്ഥാനത്ത് ശക്തമായ മഴ തുടരുമെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ്. എറണാകുളം, ഇടുക്കി, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും മറ്റു ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചിട്ടുണ്ട്. കേരളം-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി. കണ്ണൂരിൽ ഇന്നലെ രാത്രി ആരംഭിച്ച കനത്തമഴ ഇന്നും തുടർന്നു.

******************************

## ഇടുക്കി (ഇൻട്രോ)

ഓണക്കാലത്ത് മൂന്നാറിലെ മനോഹര തേയിലക്കാടുകൾ പിന്നിട്ട് കാന്തല്ലൂരിലേക്ക് ഒരു കുളിർയാത്ര പോയാലോ? പഴുത്തു തുടുത്ത, ചുവപ്പണിഞ്ഞ ആപ്പിൾത്തോപ്പുകൾ ഇപ്പോൾ സഞ്ചാരികൾക്കായി കാത്തിരിക്കുകയാണ്. മരങ്ങളിൽ നിന്ന് നേരിട്ട് പറിച്ച് ആസ്വദിക്കാവുന്ന ഈ അപൂർവ്വ ആപ്പിൾ വിസ്മയ കാഴ്ചകൾ തേടി കാന്തല്ലൂരിലേക്ക് സഞ്ചാരികളുടെ വൻ ഒഴുക്കാണ് അനുഭവപ്പെടുന്നത്.

RNU TVPM

**ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്...**

(വോയിസ്)

******************************

## ഇന്ത്യ - ശ്രീലങ്ക ടെസ്റ്റ് ക്രിക്കറ്റ്

ഇന്ത്യയ്ക്കെതിരായ രണ്ടാം ക്രിക്കറ്റ് ടെസ്റ്റിന്റെ മൂന്നാം ദിനം കളി നിർത്തുമ്പോൾ ശ്രീലങ്ക 8 വിക്കറ്റിന് 265 റൺസ് എന്ന നിലയിൽ. രാവിലെ 2 വിക്കറ്റിന് 8 റൺസെന്ന നിലയിൽ ഒന്നാം

ഇന്നിംഗ്സ് പുനഃരാരംഭിച്ച ശ്രീലങ്കയ്ക്കായി സൂര്യബണ്ഡാരയും ദിനൂഷയും അർദ്ധ സെഞ്ചുറി നേടി.

*

*****************

******************************************************

RNU TVPM